# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7102 — 03.11.2011 ൽ മറുപടിയ്ക്ക്

## കേപ്പിന്റെ സ്ഥാപനങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. ശിവദാസൻ നായർ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ (സഹകരണ വകുപ്പ് മന്ത്രി) |
| (എ) കേപ്പിന്റെ ഏതെങ്കിലും നിർമ്മാണ പ്രവർത്തനങ്ങളിൽ എഗ്രിമെന്റ് വച്ചതിനുശേഷം നിരക്കുകൾ കൂട്ടി നൽകിയിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) എങ്കിൽ ഏതെല്ലാം നിർമ്മാണ പ്രവർത്തനങ്ങൾക്കാണ് നിരക്കുകൾ കൂട്ടി നൽകിയത്; | (ബി) 1. കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആന്റ് മാനേജ്മെന്റ്, പുന്നപ്രയിലെ ഒന്നാംഘട്ട നിർമ്മാണം<br>2. കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആന്റ് മാനേജ്മെന്റ്, പുന്നപ്രയിലെ രണ്ടാംഘട്ട പുനരുദ്ധാരണ പണികൾ |
| (സി) ഏത് കോൺട്രാക്ടർക്കാണ് നിരക്ക് കൂട്ടി നൽകിയത്; | (സി) ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി - വടകര |
| (ഡി) പ്രസ്തുത നിരക്ക് വർദ്ധനയ്ക്ക് കേപ്പ് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയും ഗവൺമെന്റിന്റെയും അംഗീകാരം വാങ്ങിയിട്ടുണ്ടോ; | (ഡി) കേപ്പ് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. എന്നാൽ ഗവൺമെന്റിന്റെ അംഗീകാരം വാങ്ങിയിട്ടില്ല. |
| (ഇ) വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഇ) പുന്നപ്ര കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആന്റ് മാനേജ്മെന്റിൽ 08.09.2008 ന് ശേഷം നടത്തിയ 1,00,39,132/- രൂപയുടെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്ക് 25% വർദ്ധനവ് നൽകുന്നതിന് 22.04.2009 ൽ കൂടിയ കേപ്പ് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 77 |

മത്തെ യോഗത്തിൽ തീരുമാനിച്ചു. പ്രസ്തുത എഞ്ചിനീയറിംഗ് കോളേജിന്റെ രണ്ടാം ഘട്ട പുനരുദ്ധാരണ നിർമ്മാണ പ്രവർത്തനങ്ങളുടെ അകെ തുകയായ 59,33,408/- രൂപയ്ക്ക് 15% വർദ്ധനവ് നൽകുന്നതിന് കേപ്പ് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 20.04.2011 ൽ കൂടിയ 94 മത് യോഗത്തിൽ തീരുമാനിച്ചു. മേൽ പ്രകാരം ആകെ 33,99,794/- രൂപ നിരക്കുകൾ കൂട്ടിയ ഇനത്തിൽ അധികമായി നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ